(Pages : 4) **K – 2123**

Reg. No. : ..............................

Name : ..................................

**Third Semester B.A./B.Sc. Degree Examination, March 2021**

**First Degree Programme under CBCSS**

**Malayalam**

**Language Course – Additional Language III**

**ML 1311.1 : ദൃശ്യകലാസാഹിത്യം**

**(2019 Admission - Regular)**

Time : 3 Hours Max. Marks : 80

I. **ഒരു വാക്കിലോ ഒന്നോ രണ്ടോ വാക്യത്തിലോ എല്ലാ ചോദ്യത്തിനും ഉത്തരമെഴുതുക.**

1. നളചരിതം ആട്ടക്കഥയ്ക്ക് കാന്താരതാരകം എന്ന വ്യാഖ്യാനം രചിച്ചതാര് ?

2. തുള്ളൽപ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവാര് ?

3. 'ബൈസിക്കിൾ തീവ്സ്' സിനിമയുടെ സംവിധായകൻ ആര് ?

4. 'കനലാട്ടം' ആരുടെ കൃതിയാണ് ?

5. വറീത് ഏതു കൃതിയിലെ കഥാപാത്രമാണ് ?

6. ഘോഷയാത്ര തുള്ളലിന്റെ കഥ അരങ്ങേറുന്ന വനപ്രദേശം ഏത് ?

7. 'നല്ലതു നല്ലതിനോടേ ചേരണം' - ആരുടെ വാക്കുകളാണിത് ?

P.T.O.

8. കാളിദാസന്റെ അഭിജ്ഞാനശാകുന്തളം നാടകത്തിന് ഏ.ആർ. തയ്യാറാക്കിയ പരിഭാഷയുടെ പേരെന്ത് ?

9. നളന്റെ രാജ്യം ഏത് ?

10. 'ഇവൾ തന്നേക്കൂടി അറിയുന്നില്ല. പിന്നെയാണോ അതിഥിയെ?' - ആരായിരുന്നു ആ അതിഥി?

**(10 × 1 = 10 Marks)**

II. **ഒരു ഖണ്ഡികയിൽ കവിയാതെ എട്ടു ചോദ്യത്തിന് ഉത്തരം എഴുതുക.**

11. 'പ്രാന്തനാ, മരിക്കാതെ, മരണമില്ലാതെ എവിട്യോ കഴിയ്യ്യ' - ആരെക്കുറിച്ചാണ് പരാമർശം ? വ്യക്തമാക്കുക.

12. 'അഗ്നിയല്ലാതെ ദഹിപ്പിക്കുമോ?' - സന്ദർഭവും ആശയവും വ്യക്തമാക്കുക.

13. 'നിനക്കറിയോ, നാട്ടിലോരോ കമ്പിക്കാലിനും ഞാൻ കടക്കാരനാ' - സൂചിതമെന്ത് ?

14. ഭർത്തൃഗൃഹത്തിലേക്കു പോകുന്ന ശകുന്തളയെ ആശ്രമവൃക്ഷങ്ങൾ അനുഗ്രഹിച്ചതെങ്ങനെ ?

15. 'വിധി മികവേറും നിന്നെ മമ സഖിയായിട്ടല്ല നല്ല നിധിയായിട്ടല്ലോ തന്നു' - സന്ദർഭം വ്യക്തമാക്കുക.

16. 'എനിക്കീ വേദാന്തമൊന്നും വേണ്ട' - ആരുടെ വാക്കുകൾ ? സന്ദർഭം എഴുതുക.

17. 'ഭഗവാനേ, ഇതൊരാശ്ശിസല്ല, വരം തന്നെയാണ്' - സൂചിതമെന്ത് ?

18. സഖിമാരേ ! നമുക്കു ജനകപാർശ്വേ

ചെന്നാലല്ലീ കൗതുകം? - വിവക്ഷിതമെന്ത്?

19. 'ഞങ്ങളെ നീ ആരുടെ കൈയിലാണ് ഏല്പിക്കുന്നത്?' - ആരുടെ വാക്കുകൾ ? സന്ദർഭമേത് ?

20. തന്നെ പിടികൂടിയ നളമഹാരാജാവിനെ ഹംസം പുകഴ്ത്തുന്നതെങ്ങനെ ?

21. 'ചേതമില്ലാത്തതാർക്കും ചെയ്തുകൊടുക്കണമത്രേ!' - ആരുടെ വാക്കുകൾ ? സന്ദർഭം എഴുതുക.

22. 'യൗവനം വന്നുദിച്ചിട്ടും ചെറുതായില്ല ചെറുപ്പം' - വക്താവാര് ? സൂചിതമെന്ത് ?

23. 'കേട്ടാലും ദുരിതശാന്തി കേവലം നമുക്കുണ്ടാകും' - സൂചിതം വ്യക്തമാക്കുക.

24. വിറ്റോറിയോ ഡിസീക്കയെക്കുറിച്ച് കുറിപ്പെഴുതുക.

25. തുള്ളലിന്റെ ഉത്ഭവത്തെക്കുറിച്ചുള്ള ഐതിഹ്യമെന്ത് ?

26. 'ഒന്നിനയച്ചാലക്കഥമാത്രം
വന്നു പറഞ്ഞീടുകിലതു പോരും'
- ആരുടെ വാക്കുകൾ ? വ്യക്തമാക്കുക.

**(8 × 2 = 16 Marks)**

III. ഓരോന്നിനും **ഒന്നരപ്പുറത്തിൽ** കവിയാതെ **ആറു** ചോദ്യത്തിന് ഉത്തരമെഴുതുക.

27. ഗൃഹിണീധർമ്മത്തെപ്പറ്റി കണ്വമഹർഷി ശകുന്തളയ്ക്കു നൽകുന്ന ഉപദേശമെന്ത്?

28. 'ഗുണവുമനവധി ദോഷമായിതു' - ആരുടെ വാക്കുകൾ ? സാരസ്യമെന്ത് ?

29. ശാകുന്തളത്തിലെ അനസൂയയും പ്രിയംവദയും സ്വഭാവം കൊണ്ട് വ്യത്യസ്തരാകുന്നതെങ്ങനെ ?

30. 'സബർമതി ദൂരെയാണ്. നവഖലിയാണ് സമീപം. നവഖലി !' - സന്ദർഭം എഴുതുക.

31. 'പുകകൊണ്ടുകണ്ണുമറഞ്ഞിരുന്നുവെങ്കിലും ഹോതാവ് ഹോമിച്ചത് ഭാഗ്യവശാൽ അഗ്നിയിൽത്തന്നെ പതിച്ചു' വക്താവാര് ? വിവക്ഷിതമെന്ത് ?

32. 'നല്ലതു നല്ലതിനോടേ ചേരണം' - സന്ദർഭവും സ്വാരസ്യവും വെളിപ്പെടുത്തുക.

33. കുഞ്ഞമ്പുവെന്ന കഥാപാത്രം 'രാവുണ്ണി' നാടകത്തിൽ വഹിക്കുന്ന പങ്കെന്ത് ?

34. 'മാറ്റാരിൽ കനിവേറ്റമതുള്ളൊരു
കൂറ്റാരേക്കാൾ മാറ്റാർ നല്ലൂ'
- ദുര്യോധനൻ ഇങ്ങനെ പറയാൻ കാരണമെന്ത് ?

35. ഉത്തമദൂതനെന്ന നിലയിൽ ഹംസത്തിന്റെ സ്വഭാവം നിരൂപിക്കുക.

36. 'ആ ഇക്കണ്ട നെലത്തിന് ഇങ്ങനെ എത്രയെത്ര കഥ പറയാൻ കാണും.' – രാവുണ്ണി ഇങ്ങനെ പറയാൻ കാരണമെന്ത് ?

37. പാണ്ഡവരുടെ വനജീവിതത്തെക്കുറിച്ചറിയാൻ ദുര്യോധനൻ അയച്ച ദൂതൻ തിരികെയെത്തി പറഞ്ഞ കാര്യങ്ങളെന്തെല്ലാം ?

38. ചലച്ചിത്രനിർമ്മിതിയിൽ തിരക്കഥ വഹിക്കുന്ന പങ്കെന്ത് ?

**(6 × 4 = 24 Marks)**

IV. **മൂന്നു** പുറത്തിൽ കവിയാതെ **രണ്ടു** ചോദ്യത്തിന് ഉത്തരം എഴുതുക.

39. നളചരിതം ആട്ടക്കഥയുടെ ഭാഷാപരവും സാഹിത്യപരവുമായ സവിശേഷതകൾ വ്യക്തമാക്കുക.

40. ഘോഷയാത്രയെ ആധാരമാക്കി നമ്പ്യാർക്കവിതയുടെ സവിശേഷതകൾ വിശദമാക്കുക.

41. ശാകുന്തളത്തിലെ നാലാമങ്കത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ഉപന്യസിക്കുക.

42. രാവുണ്ണി നാടകത്തെ ആധാരമാക്കി, പി.എം. താജിന്റെ നാടകസങ്കല്പത്തെക്കുറിച്ച് പ്രതിപാദിക്കുക.

43. 'ബൈസിക്കിൾ തീവ്സ്' സിനിമയിൽ അവതരിപ്പിക്കുന്ന യാഥാർത്ഥ്യങ്ങളുടെ ആഴം വെളിപ്പെടുത്തുക.

44. ഗാന്ധിയൻദർശനങ്ങളുടെ ആവിഷ്കാരം 'സബർമതി ദൂരെയാണ്' നാടകത്തിൽ നിർവ്വഹിക്കപ്പെടുന്നതെങ്ങനെ ?

**(2 × 15 = 30 Marks)**

---